**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതലമുറ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1.** കരിക്കുലം പരിഷ്കാരം: 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.<br><br>**2.** പുതുതലമുറകോഴ്സുകൾ: സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. ചുവടെ പറയുന്ന കോഴ്സുകൾ അവയിൽ ചിലതാണ്.<br><br>Integrated Political Science with International Relations<br><br>MSc Statistics with specialization in Data Analytics |

MCom International Trade

Masters in Commerce in Taxation

MSc Physics with Computational and Nanoscience Specialization

MSc Chemistry with Drug Chemistry

MSc Computer Science with Specialization in Artificial Intelligence

BSc Physics with Machine Learning

MSc Physics with Specialization in Space Physics

MSc Chemistry in Drug Design and Development

MA History (World History and Historiography)

MSc Botany with Specialization in Ethno Botany and Ethno Pharmacology

MA Econometrics

MA Business Economics

Bachelor of Sports Management

BA Advertising Sales Management

Integrated Botany with Computational Biology

MSc Applied Plant Science

**3.** സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**4.** മറ്റ് പ്രധാന പദ്ധതികൾ**:**

കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ **(**കാൽനെറ്റ്**)** വികസനത്തിന്**.**

ഇ-ജേർണൽ കൺസോർഷ്യം

ഡിജികോൾ

ഓൺലൈൻ ഡിജിറ്റൽ ശേഖരം

കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് **(**KIRF**)**

| | | | |
|---|---|---|---|
| | | | അദ്ധ്യാപക പരിശീലന പദ്ധതി<br><br>സ്റ്റേറ്റ് അസസ്സ്മെന്റ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (ബി) | സംസ്ഥാനത്ത് പുതുതലമുറ കോഴ്സുകൾ ആരംഭിക്കുവാനും പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി നവീകരിക്കാനും ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ; | (ബി) | A യിൽ ചേർത്തിരിക്കുന്നു |
| (സി) | ഗവേഷണ ഫലങ്ങൾ നാടിന്റെ പുരോഗതിക്ക് ഉപയുക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഗവേഷണഫലങ്ങൾ നാടിന്റെ വികസനത്തിനു ഉപയോഗപ്രദമാക്കുന്നതിനായി ഗവേഷണ പ്രബന്ധങ്ങൾ സർവ്വകലാശാല വെബ് സൈറ്റിലും / ലൈബ്രറികളിലും പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഗവേഷണഫലങ്ങളെ പ്രായോഗിക തലത്തിൽ എത്തിക്കാൻ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തി ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ